**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന ഡോ. ഇബ്രാഹിം.കെ.ടി, ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്) - തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: ഡോ. ഇബ്രാഹിം.കെ.ടി യുടെ അപേക്ഷ

**ഉത്തരവ് നം. ഇ.എ1- 40311/2016/ആ.വ.ഡ തീയതി 17.12.2018**

ആരോഗ്യ വകുപ്പിൽ ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്) തസ്തികയിൽ ജോലി നോക്കി വരവെ അനധികൃതമായി അവധിയിൽ പ്രവേശിച്ച ഡോ. ഇബ്രാഹിം.കെ.ടി യെ, അച്ചടക്ക നടപടികൾ തീർപ്പാക്കുന്നതിനു വിധേയമായി ആരോഗ്യവകുപ്പിൽ തിരികെ പ്രവേശിക്കുന്നതിന് പരാമർശ പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ഡോ. ഇബ്രാഹിം.കെ.ടിയെ **മലപ്പുറം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ** ഒഴിവുള്ള ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്) തസ്തികയിലേക്ക്, അച്ചടക്ക നടപടിയുടെ തീർപ്പിനു വിധേയമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത നിയമനം ജൂനിയർ കൺസൽട്ടന്റുമാരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിയ്ക്കുമ്പോൾ പുനഃപരിശോധനയ്ക്ക് വിധേയമായിരിക്കും. ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം സർവ്വീസിൽ പുനഃപ്രവേശിക്കാത്ത പക്ഷം നിയമപരമായ നടപടികൾ പൂർത്തിയാക്കി ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഡോ. ഇബ്രാഹിം.കെ.ടി ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി എത്രയും പെട്ടെന്ന് അയച്ചു തരേണ്ടതുമാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്. പീഡിയാട്രിഷ്യൻമാരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിയ്ക്കുന്ന സമയത്ത് പ്രസ്തുത ഉത്തരവ് ആവശ്യമെങ്കിൽ പുനഃ പരിശോധിക്കുന്നതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ഡോ. ഇബ്രാഹിം.കെ.ടി, കരുവാരത്തൊടി, പി.ഒ.മങ്കട, പള്ളിപ്പുറം, മലപ്പുറം

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), മലപ്പുറം
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
4. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്